www.aureoleonline.in, ISSN: 2249 - 7862 (Print): 2455-877X(online)
Aureole, Vol. VIII, December 2016 PP 29-40

# വിദേശമിഷണറിമാരുടെ വ്യാകരണഗ്രന്ഥങ്ങളിലെ ക്രിയാപഗ്രഥനം

* മേരി സിൻസി ജോസഫ്

**ആമുഖം**

17, 18 നൂറ്റാുകളിൽ കേരളത്തിലെത്തിച്ചേർന്ന വിദേശമിഷണറിമാർ രചിച്ചവയാണ് മലയാളത്തിലെ പ്രഥമവ്യാകരണഗ്രന്ഥങ്ങൾ. ആ ഗ്രന്ഥങ്ങളിലാണ് ക്രിയയും അവയുടെ ഉപവിഭാഗങ്ങളും വിശദീകരണയോഗ്യമായ വിഷയങ്ങൾ എന്ന രീതിയിൽ ആദ്യമായി അവതരിപ്പിച്ചിരിക്കുന്നത്.

ഡോ. ആഞ്ചലോ ഫ്രാൻസിസിന്റെ ആദ്യവ്യാകരണഗ്രന്ഥമായ 'ഗ്രമാത്തിക്കാലീംഗ്വേ വുൾഗാരിസ് മലബാറിച്ചേ'യിൽ ക്രിയയെക്കുറിച്ച് സാമാന്യപ്രതിപാദ്യം നടത്തിയിട്ടു്. ഈ ഗ്രന്ഥത്തിലാണാദ്യമായി കേവലപ്രയോജകക്രിയകൾ, കാരിതാകാരിതക്രിയകൾ, പുരുഷൻ, കാലത്രയം എന്നിവയ്ക്ക് ഉദാഹരണപദങ്ങൾ നൽകിയിരിക്കുന്നത്. ക്രിയയെക്കുറിച്ച് സമഗ്രമായും സമ്പൂർണ്ണമായും അവതരിപ്പിച്ചിരിക്കുന്ന ഗ്രന്ഥം എന്നിതിനെ പറയാൻ കഴിയില്ല. എന്നാൽ ആദ്യപരാമർശം എന്ന നിലയിൽ അംഗീകൃതയോഗ്യവുമാണ്. 'സ്നേഹിക്കുന്നു' എന്ന പദത്തിന്റെ തന്നെ പലവിധ രൂപങ്ങൾ ഉദാഹരണമായി ഈ ഗ്രന്ഥത്തിൽ ചൂിക്കാണിക്കുന്നു. സ്നേഹിച്ചേനേ, സ്നേഹിക്കും, സ്നേഹിക്കുമോ, സ്നേഹിച്ചാലും... ഇത്യാദി. ഇദ്ദേഹത്തിന്റെ തന്നെ രാമത്തെ വ്യാകരണഗ്രന്ഥമായ 'ഗ്രമാത്തിക്കോ-മലബാറിക്കോ ലത്തിനോ'യിൽ 'സ്നേഹം' എന്ന പദത്തിനുപകരം 'പ്രിയം' എന്ന വാക്കാണുപയോഗിച്ചിരിക്കുന്നത്. ആദ്യത്തെ ഗ്രന്ഥത്തിൽ ഉദാഹരണങ്ങൾ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കാം.

**കീലപദങ്ങൾ :** വിദേശമിഷണറിമാർ, വ്യാകരണഗ്രന്ഥങ്ങൾ, ക്രിയ

* *ലെക്ചറർ (FIP), ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം, ദേവമാതാ കോളജ്, കുറവിലങ്ങാട്*
*E mail: sincyboby@gmail.com*

| കാലങ്ങൾ | വർത്തമാനകാലം | 'സ്നേഹിക്കുക' എന്ന പദത്തിന്റെ വിവിധ രൂപങ്ങൾ |
|---|---|---|
| താൻ ആകുന്നത<br>താൻ ആകുന്നു<br>നീ ആകുന്നു<br>അവൻ ആകുന്നു<br>ഞങ്ങൾ ആകുന്നു<br>നിങ്ങൾ ആകുന്നു | മടക്കുന്നു-മടക്കാൻ<br>അലക്കുന്നു -അലപ്പാൻ<br>(അലക്കാൻ)<br>ബെക്കുന്നു (വെയ്ക്കുന്നു)<br>ബെപ്പാൻ (വെയ്ക്കാൻ)<br>പഠിക്കുന്നു-പടിപ്പാൻ (പടിക്കാൻ) | ഞാൻ സ്നേഹിക്കുന്നെങ്കിൽ<br>ഞാൻ സ്നേഹിക്കുമ്പോൾ<br>ഞാൻ സ്നേഹിച്ചപ്പോൾ<br>ഞാൻ സ്നേഹിക്കുമെങ്കിലും<br>ഞാൻ സ്നേഹിക്കുന്ന |
| **സവിശേഷതകളുള്ള ക്രിയകളുടെ കാലങ്ങൾ** | **കാരിതക്രിയകൾ** | **ദാസ്യക്രിയകൾ** |
| ഞാൻ ചൊല്ലുന്നു<br>ഞാൻ ചൊല്ലുന്നത<br>ഞാൻ ചൊല്ലി | ചൊല്ലുന്നു-ചൊല്ലിക്കുന്നു<br>തല്ലുന്നു - തല്ലിക്കുന്നു | സ്നേഹിച്ചുകൊള്ളുന്നു<br>ചൊല്ലിക്കൊടുന്നു (ചൊല്ലിക്കൊടുക്കുന്നു)<br>തള്ളിക്കളയുന്നു |
| **വികലക്രികകൾ** | **നിഷേധക്രിയകൾ** | **ചോദ്യക്രിയാരൂപങ്ങൾ** |
| ഇനിക്ക ഒ (എനിക്കു്)<br>ഇനിക്ക ഒാട്ട (എനിക്കുായ)<br>ഇനിക്ക ഒായേനെ<br>ഇനിക്ക ഒാകും | ഇനിക്ക ഇല്ല (എനിക്കില്ല)<br>ഇനിക്ക ഇല്ലാഞ്ഞു<br>ഇനിക്ക ഇല്ലാഞ്ഞിട്ട<br>സ്നേഹിക്കുന്നില്ല<br>സ്നേഹിച്ചില്ലാഞ്ഞു<br>സ്നേഹിക്കില്ലാഞ്ഞു | എവിടേക്ക പോയി?<br>അവിടേക്ക പോയി?<br>എങ്ങനത്തെ കാര്യം?<br>ഒരിക്കലും<br>ചെലപ്പോൾ<br>ഇങ്ങനെ?<br>അങ്ങനെ?<br>എങ്ങനെ? |
| **പ്രത്യേകതകൾ കൂടുതലുള്ള ക്രിയകൾ** | **സൂചകക്രിയ** | **വിധിനിഷേധക്രിയകൾ** |
| എന്നാൽ<br>എന്നിട്ട | സ്നേഹിക്കില്ലെങ്കിലും | സ്നേഹിക്കാത്തപ്പോൾ<br>സ്നേഹിക്കാഞ്ഞപ്പോൾ |

'റൂദിമെന്താ-ലീംഗ്വേ മലബാറിക്കോ-സമോസ്കാർദമീച്ചെ' എന്ന ഫാ. ജെമനിയാനിയുടെ വ്യാകരണഗ്രന്ഥത്തിൽ മുൻഗാമികൾ വെട്ടിത്തുറന്ന പാതയിൽനിന്നു വ്യതിചലിച്ച് പുതിയ വഴിത്താരകൾ സൃഷ്ടിക്കുവാൻ ശ്രമിച്ചിട്ടു്. കർമ്മണിപ്രയോഗത്തെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്ന ആദ്യഗ്രന്ഥമാണിത്.

ഉദാ: ഞാൻ സ്നെഹിക്കപ്പെടുന്നു

ഞാൻ സ്നെഹിക്കപ്പെട്ടു

ഞാൻ സ്നെഹിക്കപ്പെട്ടിട്ട

ഞാൻ സ്നെഹിക്കപ്പെട്ടാൽ

ഈ ഗ്രന്ഥത്തിലും കാരിതക്രിയ, നിഷേധക്രിയ, വർത്തമാനഭൂതകാലക്രിയകൾ, വ്യവസ്ഥാവാചിസ്വഭാവമുള്ള ക്രിയാപദങ്ങൾ തുടങ്ങിയവയ്ക്ക് ഉദാഹരണപദങ്ങൾ നൽകിയിരിക്കുന്നു.

ഇതുവരെ ഉായിട്ടുള്ള വ്യാകരണഗ്രന്ഥങ്ങളിൽ കാലങ്ങളെ സൂചിപ്പിക്കുമ്പോൾ വർത്തമാന, ഭൂതകാലങ്ങൾക്കുമാത്രമേ ഉദാഹരണപദങ്ങൾ നൽകിക്കാണുന്നുള്ളൂ. ഭാവികാലത്തെ സൂചിപ്പിക്കുന്നില്ല. എന്നാൽ ഈ ഗ്രന്ഥത്തിൽ ഭാവികാലരൂപം എന്നുപ്രത്യേകം പറയുന്നില്ലെങ്കിലും ഉദാഹരണങ്ങൾ നൽകിയിട്ടു്. ഉദാ: വിളിക്കും, പാർക്കും. സന്ദർഭത്തിനനുസരിച്ച് വ്യത്യസ്താർത്ഥമുള്ള പദങ്ങളെക്കുറിച്ചുള്ള പരാമർശവും കാണാം.

ഉദാ: 'രാജാവ ഉു കഴിഞ്ഞു' (ഊണു കഴിച്ചു എന്ന അർത്ഥത്തിൽ)

'ഇനിക്ക സാമർത്ഥ്യം ഉു' (ഉള്ള അവസ്ഥ സൂചിപ്പിക്കാൻ)

ഫാ. ജെമനിയാനിയുടെ ഗ്രന്ഥത്തിന്റെ പ്രത്യേകത. ഇതിലെ വിഷയാവതരണവും ഉദാഹരണങ്ങളുമെല്ലാം സ്വതസിദ്ധമാണെന്നതാണ്.

അർണോസ്പാതിരിയുടെ ആർത്തേ മലബാറിൽ സംസ്കൃതസിദ്ധരൂപത്തെ അടിസ്ഥാനമാക്കി ധാതുരൂപാവലിയെ അവതരിപ്പിച്ചിരിക്കുന്നു. വർത്തമാനകാലം മുൻനിർത്തിയാണ് ക്രിയകളെ വർഗ്ഗീകരിച്ചിരിക്കുന്നത്. ഭൂതകാലരൂനിഷ്പത്തിചർച്ച, സഹായകക്രിയ, അനുപ്രയോഗങ്ങൾക്കുള്ള പ്രാധാന്യം, ഈഷദ്ഭേദങ്ങളുടെ ഊന്നൽ, ക്രിയാവിശേഷണങ്ങൾ എന്നിവയെക്കുറിച്ചുള്ള പരാമർശവുമു്. ക്രിയകളുടെ പുരുഷഭേദത്തെക്കുറിച്ചു പരാമർശിക്കുമ്പോൾ കവിതയിലാണവ സുലഭമായി ഉപയോഗിക്കുന്നതെന്നും ഉത്തമപ്രഥമപുരുഷന്മാരിലാണവ കൂടുതൽ പ്രത്യക്ഷപ്പെടുന്നതെന്നും രേഖപ്പെടുത്തിയിരിക്കുന്നു. കർമണിപ്രയോഗം ഭാഷയിൽ വിരളമാണെന്നും ഉപയോഗിക്കേ അവസരത്തിൽ 'പെടുക' ചേർത്താൽ കർമ്മണിരൂപമാകും എന്നും ഗ്രന്ഥത്തിൽ പരാമർശമു്.

റോബർട്ട് ഡ്രമ്മിന്റെ 'മലയാളഭാഷാവ്യാകരണ'ത്തിൽ വർത്തമാനരൂപങ്ങളുടെ ആകൃതിയെ അടിസ്ഥാനമാക്കി പ്രയോജകരൂപങ്ങൾ നിഷ്പാദിപ്പിക്കാൻ ആറുമാർഗ്ഗങ്ങൾ

കർമ്മണിപ്രയോഗം ഭാഷയ്ക്കാവശ്യമില്ല എന്നുള്ള രീതിയിലുള്ള പരാമർശവും ഗ്രന്ഥഭാഗത്തു്.

വിശേഷപ്പെട്ട കുറെ ക്രിയാരൂപങ്ങൾക്ക് ഇതിൽ ഉദാഹരണങ്ങൾ നൽകിയിട്ടു്. നിർദ്ദേശരൂപങ്ങൾ, (ഉദാ: സ്നേഹി, പോ, ചൊല്ലിയാലും) അനുവാദകങ്ങൾ (ഇരിക്കട്ടെ, ചിരിക്കാതെ), നിഷേധനിന്ദാരൂപങ്ങൾ (നയിക്കല്ലെ, പൂകിയ്ക്കെല്ലായെ), ഇച്ഛാവാചികൾ (കൊള്ളായിരുന്നു, നന്നായിരുന്നു), സംയോജകങ്ങൾ (അപ്പോൾ, എങ്കിൽ, എങ്കിലും), ഉപാധിവാചികൾ (എങ്കിൽ, എങ്കിലും) ഉദ്ദേശ്യവാചികൾ (കൊല്ലാൻ, ചിരിപ്പാൻ, ഉണ്ണാൻ, തിന്നാൻ, കാണാൻ), ക്രിയാർഥകങ്ങൾ (സ്നേഹിക്കേ്ി, സ്നേഹിക്കേത്, സ്നേഹിക്കേുന്നത്) അപൂർണക്രിയാരൂപങ്ങൾ (പോയ, പോകുന്ന, കട്ട) വികലക്രിയകൾ (ഉ്, ഉള്ള, വേണം, ആം, മതിയായി, പോരാഞ്ഞു, ഇല്ലാഞ്ഞു അരുതാഞ്ഞു, മേല, വഹിയ, കൂടാ, പറയാതെ) എന്നിവ അത്തരത്തിലുള്ളവയാണ്.

കളയുക, ഇരിക്കുക, കിടക്കുക, വിടുക, ചെയ്യുക, വരുക, വേുക, ആകുക, ചമയുക എന്നീ സഹായക്രിയകളുടെ ഏതാനും പ്രയോഗസാധ്യതകൾ 'ഭംഗിക്രിയ' എന്ന വകുപ്പിൽപ്പെടുത്തി ഡ്രമ്മ് എടുത്തുകാണിക്കുന്നു.

റോബർട്ട് ഡ്രമ്മിന്റെ വ്യാകരണഗ്രന്ഥം നൂതനമായ ക്രിയാവിശകലനസമീപനമുള്ളവയാണ്.

ക്രിയാപഗ്രഥനചിന്തകളിൽ തന്റേതായ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുവാനും പിൽക്കാല വൈയാകരണന്മാർക്കുപോലും മാർഗ്ഗദർശകമാകത്തക്കവിധത്തിൽ ചിന്തകളെ ക്രമീകരിക്കുവാനും സാധിച്ച മിഷണറിവ്യാകരണമാണ് ഡോ. ഹെർമൻ ഗുർട്ടിന്റെ 'മലയാളഭാഷാവ്യാകരണം'. ഏ.ആർ. രാജരാജവർമ്മയുടെ 'കേരളപാണിനീയ'ത്തിനു മുൻപ് ഉായിട്ടുള്ള വ്യാകരണഗ്രന്ഥങ്ങളിൽ ആധികാരികമായ നിയമാവലികൾ കൊുവരുവാൻ സാധിച്ച ഗ്രന്ഥവുമാണിത്.

അപൂർണമാണെങ്കിലും 'ധാതു'വിന് ആദ്യമായൊരു നിർവ്വചനം നൽകിയിരിക്കുന്നത് ഈ ഗ്രന്ഥത്തിലാണ്.

'ഓരോന്നും ഒരു പദാംഗം താൻ, ര് ഹ്രസ്വപദാംഗങ്ങൾ താൻ ഉള്ളതാകുന്നു.' ഉദാ. നൽ, പൈ, പെരു, കടു.

തമിഴിൽ 'വിന' എന്നാണു കൃതിയെ വിശേഷിപ്പിക്കുന്നത്. ഇതനുസരിച്ചാവാം 'വിനച്ചൊൽ' എന്നാണ് ഗുർട്ട് ക്രിയാപ്രകൃതിയെ വിളിക്കുന്നത്. ആദ്യമായി ക്രിയയുടെ ഉപവിഭാഗങ്ങൾ ഓരോന്നും എടുത്ത് അവയ്ക്ക് കൃത്യമായ നിയമം ഏർപ്പെടുത്തിയതും പുതിയ 'സംജ്ഞ'കൾ നൽകിയതും ഡോ. ഹെർമൻ ഗുർട്ടാണ്. അതിനായി ഇദ്ദേഹം യൂറോപ്യൻ തമിഴ് സംസ്കൃത വ്യാകരണചിന്തകളെയും മുൻവൈയാകരണന്മാരുടെ നിരീക്ഷണങ്ങളെയും കൂട്ടുപിടിച്ചു. (ഉദാ: വിനച്ചൊൽ, പേരെച്ചം, വിനയെച്ചം, ബലക്രിയ, അബലക്രിയ...)

ഉദാ: കപ്പിക്ക, അറിവിക്ക, തരുവിക്ക

5. ചില ധാതുക്കൾക്കു രു മൂന്നു തരമായിട്ടു ഹേതുക്രിയകൾ ഉാകും

ഉദാ: കാൺ-കാണിക്ക, കാട്ടുക, കാട്ടിക്ക

നടക്ക - നടത്തുക, നടത്തിക്ക, നടപ്പിക്ക

6. ക്രമം തെറ്റിയ ചില രൂപങ്ങൾ

ഉദാ: വാഴിക്ക-എന്നു പറയേിയ ദിക്കിൽ - അരിയിട്ടു വാഴുത്തീടുക

7. പല ഹേതുക്രിയകൾക്കും അർത്ഥം അകർമ്മകമാണ്.

ഉദാ: തുരുമ്പിച്ചു പോക, മിന്നിച്ചുപോയി, ചൊട്ടിച്ചുവന്നു.

**ക്രിയാവർഗീകരണം**

ക്രിയാപദങ്ങളെ രൂപംകൊ് ബലക്രിയ, അബലക്രിയ എന്നും അർത്ഥംകൊ് തൻവിന (അകർമ്മകം), പുറവിന (സകർമ്മകം) എന്നും രായി വർഗ്ഗീകരിക്കുന്നു.

പ്രകൃതിയോടു 'ക'കാരദിത്വം ചേർത്താൽ ബലക്രിയ, വെറുതെ കൃതിയാൽ 'അബല ക്രിയ'.

ഉദാ: ബലക്രിയ - കൊടുക്ക, കേൾക്ക

അബലക്രിയ - പോക, കെടു

തൻവിനകൾ മിക്കതും അബലക്രിയകളാണ്. പുറവിനകൾ മിക്കതും ബലക്രിയകളുമാണ്.

തൻവിന → അകർമ്മകം→അബലക്രിയ-ഇരിക്ക, വരിക

പുറവിന→സകർമ്മകം→ബലക്രിയ-തരിക, കൊടുക്ക

'ഹേതുക്രിയ' എന്നു ഗുർട്ടു വിശേഷിപ്പിച്ച ക്രിയാവിഭാഗത്തെയാണ് പിൽക്കാലവൈയാകരണന്മാർ 'പ്രയോജകക്രിയ' എന്നു വിളിച്ചത്.

**ഊനക്രിയകൾ**

കാലദോഷം നിമിത്തം മൂലക്രിയകൾ തേഞ്ഞുമാഞ്ഞു നാമജങ്ങൾ ആയി മാറുന്നു. ഇവ പ്രത്യേകിച്ചും സമ്മതം, നിഷേധം എന്നീ ആവശ്യകതകളെ കുറിക്കുന്നു. പത്തു ഊനക്രിയകളെക്കുറിച്ച് ഗുർട്ട്

വാചകകാണ്ഡത്തിൽ പ്രതിപാദിക്കുന്നു. അവ;

1. 'ഉൾ' എന്ന ധാതുവിൽ നിന്നുത്ഭവിച്ച 'ഉള്ളു', 'ഉ ്'.

2. ഇല്ല 3. അല്ല 4. വേണം, വേു, വേി 5. അരുതു 6. വൽ (വല്ല്) 7. നല്ലു (നൽ)

8. തക്ക (തകു) 9. വഹിയാ -കൂടാ 10. മേലാ -കൂടാ

ഗുർട്ടിന്റെ 'ഊനക്രിയ'കളാണ് പിൽക്കാലവൈയാകരണന്മാർ 'ഖിലധാതു' എന്ന പേരിൽ വിശേഷിപ്പിച്ച് അവതരിപ്പിച്ചത്.

**ഭൂതക്രിയ**

മുൻവിനയെച്ചമാണ് ഭൂതക്രിയാന്യൂനം. മുൻവിനയെച്ചത്തിന്റെ രൂപം മുഴുവൻ ഭൂതകാലത്തിനോട് ചേരുന്നു. ഭൂതകാലപ്രത്യയങ്ങളായ 'ഇ, ഉ' എന്നുവരുന്ന അന്ത്യ സ്വരങ്ങൾ ലോപിച്ചുപോകുന്നു.

ഉദാ: ആയ്ക്കൊ‌ു ('യി' എന്നതിനു പകരം 'യ' വരും)

വന്നെടുത്തു (അരയുകാരം സ്വരം പരമായാൽ ലോപിച്ചുപോകും)

വാഴിച്ചുകൊള്ളു-വാഴിച്ചോളൂ

2. ഭാവിക്രിയാന്യൂനം

പിൻവിനയെച്ചമാണ് ഭാവിക്രിയാന്യൂനം. പിൻവിനയെച്ചം രാംഭാവിയിലെ 'വു', 'പ്പു' എന്നിവയോടു 'ആൻ' ആകുന്ന പ്രത്യയം ചേർക്കുമ്പോൾ ഉാകുന്നു.

ഉദാ: ആകുവാൻ - ആവാൻ, പൂകുവാൻ-പൂവാൻ

വരുവാൻ - വരാൻ, ആക്കുവാൻ, നീക്കുവാൻ, ഇളക്കുവാൻ

3. നടുവിനയെച്ചം

വാചകകാണ്ഡത്തിലാണ് ഗുർട്ട് നടുവിനയെച്ചത്തെ വിവരിക്കുന്നത്. നടുവിനയെച്ചത്തിന്റെ ആദ്യരൂപം ഒന്നാംഭാവിയിൽ നിന്നാണുാകുന്നത്. 'ഉം' എന്നതിനുപകരം 'അ' ചേർത്താണിതുാക്കുന്നത്.

ഉദാ: ആക-ആക്ക-കൊടുക്ക

അബലക്രിയകളോടും ബലക്രിയകളോടും 'ക' ചേർത്തും നടുവിനയെച്ചം ഉാക്കാം.

ഉദാ: അറിയ-അറിക, അറിയുക.

**ശബ്ദന്യൂനം**

പേരെച്ചത്തെയാണ് 'ശബ്ദന്യൂന'ങ്ങൾ എന്നുവിളിക്കുന്നത്. ഇവ മൂന്നുകാലത്തിലും 'അ' എന്ന ചുട്ടെഴുത്തു ചേർത്താണുാക്കുന്നത്. നാമവിശേഷണമാണ് പേരെച്ചം.

ഉദാ: ഞാൻ വരുന്ന, നഗരത്തിൽ കലഹം ചെയ്തു.

ചിരിക്കുന്ന ഒച്ച കേട്ടു - വർത്തമാനം

നാളെ പോകുന്ന ആൾ - ഭാവി.

ജനിച്ച രാശി - ഭൂതം.

'ക്രിയ' എന്ന ശബ്ദവിഭാഗത്തെ ആധികാരികമായി പഠനവിധേയമാക്കിയ ആദ്യമിഷണറിവ്യാകരണഗ്രന്ഥമാണ് ഗുർട്ടിന്റെ 'മലയാളഭാഷാവ്യാകരണം'. ഈ ഗ്രന്ഥത്തിലെ ക്രിയവിശകലനത്തിന്റെ പ്രധാന പോരായ്മ വർഗ്ഗീകരണത്തിലും വിശദീകരണത്തിലും ഏകോപനമുാക്കാൻ സാധിച്ചില്ല എന്നതാണ്. പദകാണ്ഡത്തിലും വാചകകാണ്ഡത്തിലും ക്രിയാപഗ്രഥനം നടത്തിയിട്ടു്. ഈ രു കാണ്ഡങ്ങളിലുമായി ചിതറിക്കിടക്കുന്ന വസ്തുക്കളെ ക്രോഡീകരിച്ചെടുക്കേിയിരിക്കുന്നു.